കവർസ്റ്റോറി

# ഇസ്‌ലാം സമഭാവനയുടെ ദർശനം

**പ്രഫ. എം.ഡി നാലപ്പാട്ട്**

*പ്രബോധനം* സബ് എഡിറ്റർ **സദ്‌റുദ്ദീൻ വാഴക്കാടു**മായി സംസാരിക്കുന്നു



**തിരുവനന്തപുരം** വട്ടിയൂർകാവിലെ 'തിരുവാതിര'യിലേക്ക് കടന്നുചെല്ലുമ്പോൾ വായിച്ചറിഞ്ഞ കമലാ സുറയ്യയും കേട്ടറിഞ്ഞ എം.ഡി നാലപ്പാട്ടും, ഇന്ത്യയെ മാത്രമല്ല ലോകത്തെ തന്നെ വിസ്മയിപ്പിച്ച കമലാ സുറയ്യയുടെ മരണാനന്തര ചടങ്ങുകളുമായിരുന്നു മനസ്സു നിറയെ. നിഷ്കളങ്കമായ സ്നേഹത്തിന്റെ അനർഗള പ്രവാഹമായിരുന്ന കമലാ സുറയ്യയുടെ മൂത്ത മകൻ എം.ഡി നാലപ്പാട്ടും ഭാര്യ തിരുവിതാംകൂർ രാജകുടുംബാംഗം ലക്ഷ്മിയും ഞങ്ങളെ ഹൃദ്യമായി സ്വീകരിച്ചു. ജമാഅത്തെ ഇസ്‌ലാമി അസി. അമീർ ശൈഖ് മുഹമ്മദ് കാരകുന്ന്, ശൂറാംഗം എച്ച്. ശഹീർ മൗലവി, സെക്രട്ടറി എൻ.എം അബ്ദുർറഹ്മാൻ, പാളയം ഇമാം മൗലവി ജമാലുദ്ദീൻ മങ്കട, സോളിഡാരിറ്റി വൈസ് പ്രസിഡന്റ് കെ.എ ശഫീഖ്, സെക്രട്ടറി പി.ഐ നൗഷാദ്, ജമാഅത്തെ ഇസ്‌ലാമി സബ് സോൺ സെക്രട്ടറി എം. മഹ്ബൂബ്, മുഹമ്മദ് ഇല്യാസ് എന്നിവരോടൊപ്പമാണ് എം.ഡിയെ കാണാൻ ചെന്നത്.



**1986–'87ൽ തന്നെ അമ്മ അമ്പലത്തിൽ പോകുന്നത് നിർത്തിയിരുന്നു. പൂജ ചെയ്യുന്നത് അവസാനിപ്പിച്ചിരുന്നു. ഒരു മാറ്റം അന്നുതന്നെ അമ്മയിൽ സംഭവിച്ചിരുന്നു. ആദ്യമൊക്കെ അമ്മ ധാരാളം അമ്പലങ്ങളിൽ പോയിരുന്നു, സ്ഥിരമായി ഗുരുവായൂർ അമ്പലത്തിൽ പോകാറുണ്ടായിരുന്നു. 1986–'87ൽ അതിൽനിന്നെല്ലാം മാറുകയാണുണ്ടായത്. ആ വിശ്വാസം അമ്മക്ക് നഷ്ടപ്പെട്ടു.**

ആശുപത്രിവാസം, മരണം, പൂനയിൽനിന്ന് തിരുവനന്തപുരം വരെയുള്ള യാത്ര, മരണാനന്തര ചടങ്ങുകൾ, അനുശോചനമറിയിക്കാനെത്തുന്ന സന്ദർശകരെ സ്വീകരിക്കൽ... നാലപ്പാട്ട് ക്ഷീണിതനായിരുന്നു. അമ്മയുടെ വേർപാടിന്റെ വേദനക്കിടയിലും കേരളം കമലാ സുറയ്യക്ക് നൽകിയ സ്വീകരണവും ആദരവും പ്രാർഥനാ നിർഭരമായ മരണാനന്തര ചടങ്ങുകളും മുസ്‌ലിം സമൂഹത്തിന്റെ തുറന്ന മനസ്സും സ്നേഹവും നാലപ്പാട്ട് കുടുംബം നന്ദിയോടെ ഓർക്കുന്നു. ഹൃദ്യമായ ആതിഥ്യത്തിന്റെ ഊഷ്മളതയാണ് 'തിരുവാതിര'യിൽ ഞങ്ങൾ അനുഭവിച്ചറിഞ്ഞത്. സ്നേഹവും ആദരവും നിറഞ്ഞ, കുലീനവും മാന്യവുമായ പെരുമാറ്റം. രുചികരമായ ഫുൾ വെജിറ്റേറിയൻ ഭക്ഷണം. ലക്ഷ്മിയേടത്തി, സ്വന്തം കൈകൾകൊണ്ട് ഞങ്ങൾക്കോരോരുത്തർക്കും ഭക്ഷണവിഭവങ്ങളോരോന്നും വിളമ്പിത്തന്നത് മറക്കാനാവാത്ത അനുഭവമായിരുന്നു.

ഔപചാരികതകളില്ലാതെയാണ് ലക്ഷ്മിയേടത്തിയുമായി സംസാരിക്കാനാരംഭിച്ചത്. 'ഇപ്പോൾ എന്തു തോന്നുന്നു?' ആമുഖമില്ലാതെ ഞാൻ ചോദിച്ചു. 'അമ്മ പോയില്ലേ എന്തൊക്കെ പറഞ്ഞാലും എനിക്കിനി അമ്മയെ കാണാനാകില്ലല്ലോ. അമ്മ...' ലക്ഷ്മിയേടത്തിയുടെ മനസ്സ് വിതുമ്പി, കണ്ണുകൾ നിറഞ്ഞു, വാക്കുകൾ മുറിഞ്ഞു. എന്റെ ചോദ്യം അവരെ വേദനിപ്പിച്ചതിൽ വല്ലാത്ത ദുഃഖം തോന്നി. എൻ.എം അബ്ദുർറഹ്മാൻ സാഹിബ് സംസാരം മറ്റൊരു വഴിയിലേക്ക് തിരിച്ചുവിട്ടു. ലക്ഷ്മിയേടത്തി പറഞ്ഞുകൊണ്ടിരുന്നു.

വായന, എഴുത്ത്, സ്നേഹം, ദൈവം, വിശ്വാസം, മതം, സംസ്കാരം, രാഷ്ട്രീയം, തത്ത്വശാസ്ത്രം... എല്ലാം അവരുടെ സംസാരത്തിൽ ഒഴുകിവന്നു. പരന്ന വായനയും സൂക്ഷ്മ നിരീക്ഷണങ്ങളും അനുഭവങ്ങളും നൽകിയ അറിവിന്റെ ആഴം ഒന്നര മണിക്കൂറോളം നീണ്ട അവരുടെ സംസാരത്തെ ആകർഷകമാക്കി. അമ്മയുടെ മൃതശരീരം കുളിപ്പിച്ചതിനെക്കുറിച്ച് അവർ വികാരാധീനയായി. "അമ്മക്ക് സ്വന്തം ശരീര ഭാഗങ്ങൾ മറ്റുള്ളവർ കാണുന്നത് ഒട്ടും ഇഷ്ടമായിരുന്നില്ല. നഗ്നത വെളിവാക്കാത്ത രീതിയിൽ കുളിപ്പിക്കണം എന്ന് ഞങ്ങൾക്ക് നിർബന്ധമുണ്ടായിരുന്നതുകൊണ്ട് കുളിപ്പിക്കുന്നത് കാണാൻ ആഗ്രഹം പ്രകടിപ്പിച്ചു. അതിന് പൂർണ സമ്മതം ലഭിച്ച ഞങ്ങൾ അതിന് സാക്ഷികളും പങ്കാളികളുമായി. ജീവിച്ചിരിക്കുന്ന ഒരാളുടെ ശരീരത്തോട് കാണിക്കുന്നതുപോലെ, അതിലേറെ ആദരവും സൂക്ഷ്മതയുമാണ് അവർ അമ്മയുടെ മൃതദേഹത്തോട് കാണിച്ചത്. വല്ലാത്ത ഒരു അനുഭവമായിരുന്നു അത്. ഞങ്ങൾ അതിന് സാക്ഷികളാണ്. മറ്റൊരാൾ വന്ന്, ഇങ്ങനെയൊക്കെയാണ് ചെയ്തത് എന്ന് പറഞ്ഞിരുന്നെങ്കിൽ എനിക്കൊരിക്കലും തൃപ്തിവരില്ലായിരുന്നു"– ഈ വാക്കുകളിൽ ഒരുപാട് സന്ദേശങ്ങളുണ്ട്.

പത്രപ്രവർത്തകൻ, വിദ്യാഭ്യാസ വിചക്ഷണൻ, നയതന്ത്ര വിദഗ്ധൻ, എഴുത്തുകാരൻ തുടങ്ങി നിരവധി മേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ച ബഹുമുഖ വ്യക്തിത്വമാണ് മോനു എന്ന് വിളിക്കുന്ന മാധവദാസ് നാലപ്പാട്ട്. *മാതൃഭൂമി*യുടെയും *ടൈംസ് ഓഫ് ഇന്ത്യ*യുടെയും പത്രാധിപരായിരുന്ന എം.ഡി നാലപ്പാട്ട് ഇപ്പോൾ മണിപ്പാൽ യൂനിവേഴ്സിറ്റിയിൽ ജിയോ പൊളിറ്റിക്സ് ഡിപ്പാർട്ട്മെന്റിന്റെ ഡയറക്ടറാണ്. ഇന്ത്യയിലെ ആദ്യത്തെ ജിയോ പൊളിറ്റിക്സ് പ്രഫസറായ അദ്ദേഹം, അറുപതോളം രാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ട്. ലോകത്തെ പതിനേഴോളം പ്രമുഖ യൂനിവേഴ്സിറ്റികളിൽ വിസിറ്റിംഗ് പ്രഫസറായ എം.ഡി, വിദേശ പ്രസിദ്ധീകരണങ്ങളിൽ ഈടുറ്റ ലേഖനങ്ങൾ എഴുതുന്നു. മൂർച്ചയേറിയ രാഷ്ട്രീയ വിശകലനങ്ങൾ പലരെയും അലോസരപ്പെടുത്തിയപ്പോൾ, അദ്ദേഹത്തിന്റെ പേനക്ക് മുമ്പിൽ നിയന്ത്രണങ്ങളുടെ കള്ളികൾ വരക്കാൻ തുടങ്ങിയപ്പോഴാണ് പത്രപ്രവർത്തനത്തിൽ സ്വാതന്ത്ര്യം ലഭിക്കുന്നില്ലെന്ന് പറഞ്ഞ് അദ്ദേഹം അക്കാദമിക രംഗത്തേക്ക് പ്രവേശിച്ചത്. ഇന്ത്യയിലെ പല രാഷ്ട്രീയ നേതാക്കളുമായും അടുത്ത ബന്ധമുള്ള അദ്ദേഹം, ഇന്ത്യയുടെ വിദേശ നയരൂപീകരണത്തിലും വിദേശ രാഷ്ട്രങ്ങളുമായി ബന്ധങ്ങൾ ഊട്ടിയുറപ്പിക്കുന്നതിലും പങ്കുവഹിക്കുന്നു. ഏതാനും പുസ്തകങ്ങളും എഴുതിയിട്ടുണ്ട്. *INDUTVA* അതിൽ പ്രധാനമാണ്. ഇന്റർനെറ്റിൽ നൂറുകണക്കിൽ വെബ്സൈറ്റുകളിൽ എം.ഡി നാലപ്പാട്ടി(MD NALAPAT)നെ കുറിച്ച് വായിക്കാം.

അദ്ദേഹവുമായി നടത്തിയ സംഭാഷണത്തിലൂടെ.............

***? താങ്കളെ കുറിച്ച് പറഞ്ഞുകൊണ്ട് ഈ സംസാരം ആരംഭിക്കാം...***

കേരളത്തിലാണ് എന്റെ ജനനം. ബോംബെയിലായിരുന്നു കുട്ടിക്കാലവും പഠനവും. ബോംബെ യൂനിവേഴ്സിറ്റിയിൽനിന്ന് ഗോൾഡ് മെഡലോടെ ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സിൽ ബിരുദാനന്തര ബിരുദം നേടി. ഗോൾഡ്മെഡലിസ്റ്റാണെങ്കിലും ഇന്നത്തെ രീതിയിലുള്ള ഫോർമൽ എജുക്കേഷൻ പ്രധാനമല്ല എന്നാണ് എന്റെ പക്ഷം. മെഷീൻ ഓറിയന്റ

ഡാണ് നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായം. ഉള്ളിൽ ജ്ഞാനമോ അനുഭവമോ അതിലൂടെ കിട്ടുന്നില്ല. ഇന്ത്യയിലെ യൂനിവേഴ്സിറ്റികളിലാകട്ടെ ആഴമുള്ള ഗവേഷണപഠനങ്ങൾ കാര്യമായി നടക്കുന്നുമില്ല. പുതിയ ടെക്നോളജി വികസിപ്പിക്കാൻ നമുക്ക് കഴിയുന്നില്ല. അഡ്വാൻസ്ഡ് റിസർച്ച് ഇല്ല. അത് നമ്മുടെ വിദ്യാഭ്യാസ ക്രമത്തിന്റെ കുഴപ്പമാണ്. പ്രതിഭകളെ വാർത്തെടുക്കാൻ നമുക്ക് കഴിയുന്നില്ല.

ഏറ്റവും പ്രധാനം ഔട്ട് ഓഫ് ലൈഫ് വിദ്യാഭ്യാസമാണ്. അത് നാം മറക്കുന്നു. ഫോർമൽ എജുക്കേഷനും എജുക്കേഷൻ ഔട്ട് ഓഫ് ലൈഫും സന്തുലിതമാകണം. നമ്മുടെ വിദ്യാഭ്യാസക്രമം അങ്ങനെയല്ല. ബാലൻസ് തെറ്റിയ വിദ്യാഭ്യാസ ക്രമമാണ് നമ്മുടേത്. എങ്ങനെയെങ്കിലും ഔപചാരിക വിദ്യാഭ്യാസം നേടണം, ജോലിയിൽ കയറണം, പണമുണ്ടാക്കണം, ഇതാണ് ഇന്നത്തെ ചിന്ത. ഇതൊട്ടും ആശാസ്യമല്ല.

*? പഠനത്തിനുശേഷം....*

ഒരുപാട് മേഖലകളിൽ പ്രവർത്തിച്ചു. മാനേജ്മെന്റ്, പത്രപ്രവർത്തനം, അധ്യാപനം, സാമൂഹിക പ്രവർത്തനം എന്നിങ്ങനെ ബഹുമുഖ മേഖലകളിൽ സേവനം ചെയ്യാൻ കഴിഞ്ഞു. അതിന്റെ നേട്ടം ജീവിതത്തിൽ ലഭിച്ചിട്ടുണ്ട്. ഒരു ഫീൽഡിൽ തന്നെ ഒതുങ്ങിക്കഴിയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഇപ്പോൾ അക്കാദമിക് രംഗത്താണുള്ളത്. ഇനിയും ഇതുതന്നെ തുടരുമെന്നില്ല. കുറച്ചു കഴിഞ്ഞ് മറ്റൊരു ഫീൽഡ് തെരഞ്ഞെടുക്കാം. വ്യത്യസ്ത രംഗങ്ങളിൽനിന്ന് അനുഭവങ്ങൾ ആർജിക്കുക, നമ്മുടെ സേവനങ്ങൾ അവിടെയൊക്കെ നൽകുക ഇതാണെന്റെ നയം.

*? മാതൃഭൂമി പത്രത്തിൽ*

1977ലാണ് ഞാൻ *മാതൃഭൂമി*യിലെത്തുന്നത്; ഡയറക്ടറായി. 1978ൽ എക്സിക്യൂട്ടീവ് മാനേജറായി. 1984ൽ *മാതൃഭൂമി*യുടെ എഡിറ്ററായി. '89ൽ *മാതൃഭൂമി* വിട്ടു. അതേവർഷം തന്നെ *ടൈംസ് ഓഫ് ഇന്ത്യ*യിൽ റസിഡന്റ് എഡിറ്ററായി. പത്തു വർഷത്തിനുശേഷം 1999ൽ *ടൈംസ് ഓഫ് ഇന്ത്യ*യിൽനിന്ന് മാറി.

പിന്നീട് അധ്യാപന മേഖലയിലാണ്. മണിപ്പാൽ യൂനിവേഴ്സിറ്റിയിൽ ജിയോ പൊളിറ്റിക്സ് പ്രഫസറായി. ഇന്ത്യയിൽ പൊതുജനത്തിന് വലിയ താൽപര്യമില്ലാത്ത വിഷയമാണ് ജിയോപൊളിറ്റിക്സ്. ഭൂമിശാസ്ത്രപരമായ തലങ്ങളിൽ ഊന്നി നിന്നുകൊണ്ടുള്ള രാഷ്ട്രാന്തരീയ ബന്ധങ്ങളെക്കുറിച്ച പഠനമേഖലയാണ് ജിയോപൊളിറ്റിക്സ്.

*? ഇക്ണോമിക്സ് പഠിച്ച താങ്കൾ എങ്ങനെയാണ് പത്രപ്രവർത്തന രംഗത്തെത്തിയത്*

പതിനാറ്-പതിനേഴ് വയസ്സു മുതൽ ഞാൻ എഴുതാൻ തുടങ്ങി. എഴുത്ത് നൈസർഗികമായി തന്നെ കിട്ടിയതാണ്. നാലപ്പാട്ട് കുടുംബത്തിന്റെ പാരമ്പര്യവും അതാണല്ലോ. ആദ്യം *മാതൃഭൂമി*യിലും *മെയിൻസ്ട്രീമി*ലും സാമ്പത്തിക, രാഷ്ട്രീയ വിഷയങ്ങളിൽ ലേഖനങ്ങൾ എഴുതിയിരുന്നു. പിന്നീട് പല പ്രസിദ്ധീകരണങ്ങളിലും സ്ഥിരമായി എഴുതി. ഇടക്കാലത്ത് *മാധ്യമ*ത്തിലും ഒരു കോളം ചെയ്തിരുന്നു. ഇപ്പോൾ ഇന്ത്യയിലെ മാധ്യമങ്ങളിൽ ഞാൻ സാധാരണ എഴുതാറില്ല. വിദേശ പ്രസിദ്ധീകരണങ്ങളിൽ എഴുതിക്കൊണ്ടിരിക്കുന്നു. യു.പി.ഐയിൽ (United Press International) സ്ഥിരമായി എഴുതാറുണ്ട്. പുസ്തകങ്ങളും എഴുതിയിട്ടുണ്ട്.

*? കുട്ടിക്കാലത്ത് മോനു ഒരു ദിവസം ഒരു പുസ്തകം എന്ന നിലയിൽ വായിക്കാറുണ്ടായിരുന്നുവെന്ന് അമ്മ പറഞ്ഞിട്ടുണ്ട്*

വായന ജീവിതത്തിന്റെ ഭാഗമാണ്. കുട്ടിക്കാലത്തുതന്നെ ധാരാളം വായിച്ചിട്ടുണ്ട്. അമ്മയാണ് പരന്ന വായന പഠിപ്പിച്ചത്. ധാരാളം പുസ്തകങ്ങളും പ്രസിദ്ധീകരണങ്ങളും വീട്ടിലുണ്ടായിരുന്നു. അതെല്ലാം വായിച്ചു, ഒരു നിയന്ത്രണവുമില്ലാതെ. സെലക്ടീവായിരുന്നില്ല വായന. എല്ലാം വായിക്കും. ഏത് പുസ്തകമാണ് പ്രയോജനപ്പെടുക എന്ന് പറയാനാവില്ലല്ലോ, അതുകൊണ്ട് കിട്ടുന്നതെല്ലാം വായിച്ചു.

ലക്ഷ്മിയും ഞാനും ഒരു സ്ഥലത്ത് പോയാൽ ആദ്യം അന്വേഷിക്കുക ബുക്സ്റ്റാളായിരിക്കും. ആദ്യം തന്നെ ബുക്സ്റ്റാളിൽ കയറി പുതിയ പുസ്തകങ്ങൾ പരതും, വാങ്ങും. പുസ്തകങ്ങളും വായനയും ഇല്ലാത്ത ഒരു ജീവിതം ഞങ്ങൾക്കില്ല.

*? കുടുംബം*

ഞങ്ങൾ മൂന്നു മക്കൾ. ഞാനാണ് മൂത്തയാൾ. ചിന്നൻ ദാസും ജയസൂര്യയുമാണ് മറ്റു രണ്ടു പേർ.

എന്റെ ഭാര്യ ലക്ഷ്മി തിരുവിതാംകൂർ രാജകുടുംബാംഗമാണ്. 1985ലായിരുന്നു ഞങ്ങളുടെ വിവാഹം. ഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദാനന്തര ബിരുദമുണ്ട് അവൾക്ക്. എഴുതും, അഭിനയിക്കും. ഇംഗ്ലീഷിലാണ് രചന. ഒരു കവിതാ സമാഹാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. രണ്ടെണ്ണം പ്രസിദ്ധീകരിക്കാനിരിക്കുന്നു. ഒരു നോവലും എഴുതിയിട്ടുണ്ട്.

*? അമ്മയുടെ ജീവിതത്തിന്റെ ഏതുവശമാണ്*

**അമ്മ വളരെ മുമ്പു തന്നെ ഇസ്ലാം സ്വീകരിക്കാൻ ആഗ്രഹം പ്രകടിപ്പിച്ചിരുന്നു. അച്ഛനോട് അത് പറയുകയും ചെയ്തിരുന്നു. പക്ഷേ കുടുംബത്തിൽ അതൊരു പ്രശ്നമാകരുതെന്ന് കരുതിയാണ് അന്ന് അമ്മ മുസ്ലിമാകാതിരുന്നത്. അതുകൊണ്ട് 1999ൽ അമ്മ ഇസ്ലാം സ്വീകരണം പ്രഖ്യാപിച്ചപ്പോൾ ഞങ്ങൾക്കൊന്നും ഒരു ഞെട്ടലുമുണ്ടായില്ല. അസ്വസ്ഥതയും പ്രയാസവും തോന്നിയില്ല.**



*കൂടുതൽ സ്വാധീനിച്ചത്*

അമ്മയുടെ നിഷ്കളങ്കതയും സ്നേഹവുമാണ് ഏറെ ആകർഷിച്ചത്. അമ്മ ഒരിക്കലും ആരെയും ദുശിക്കില്ല, ദ്രോഹിക്കില്ല. അമ്മയെ ദ്രോഹിച്ചവരോടും പ്രയാസപ്പെടുത്തിയവരോടു പോലും അമ്മ വെറുപ്പ് കാണിച്ചില്ല, ശത്രുത പ്രകടിപ്പിച്ചില്ല. അങ്ങനെയൊരു മനസ്സേ അമ്മക്കുണ്ടായിരുന്നില്ല. അമ്മയെ പ്രയാസപ്പെടുത്തുന്നവരോട് ഞങ്ങൾ ചിലപ്പോൾ ദേഷ്യപ്പെടും. പക്ഷേ അമ്മ അതിഷ്ടപ്പെടില്ല. 'എന്താ മോനൂ ഇങ്ങനെ, അതു വിട്ടുകള' അമ്മ പറയും. ആരോടും പരുഷമായി പെരുമാറുന്നത് അമ്മക്ക് ഇഷ്ടമായിരുന്നില്ല.

വീട്ടിൽ വളരെ തുറന്ന അന്തരീക്ഷമായിരുന്നു. വിവിധ മതക്കാരും രാജ്യക്കാരും വീട്ടിൽ സ്ഥിരമായി വരും. പലേ മതത്തിലും പെട്ട ധാരാളം സുഹൃത്തുക്കൾ അമ്മക്കുണ്ടായിരുന്നു. ആർക്കു മുമ്പിലും വീട് അടച്ചിട്ടിരുന്നില്ല. ഏകദേശം എല്ലാ ദിവസവും അതിഥികൾ ഉണ്ടാകും. അമ്മയുടെ തുറന്ന മനസ്സായിരുന്നു ഈ സമീപനത്തിന് കാരണം.

*? ആരാണ് അമ്മയെ സ്വാധീനിച്ചത്, വളർത്തു മക്കളായ ഇർഷാദും ഇംതിയാസുമാണോ*

ആരാണ് അമ്മയെ സ്വാധീനിച്ചതെന്നും എങ്ങനെ ഇസ്ലാമിലെത്തി എന്നും തീർത്തു പറയാൻ വയ്യ. ഇർഷാദും ഇംതിയാസും ഇസ്ലാമിനെ അറിയാൻ നിമിത്തമായിട്ടുണ്ടാകാം. അവർ അഞ്ച് സഹോദരങ്ങളുണ്ടായിരുന്നു. കണ്ണിന് കാഴ്ചക്കുറവുണ്ടായിരുന്ന അവരെ രണ്ടു പേരെയും പഠിപ്പിക്കാൻ കുടുംബത്തിന്റെ കൈയിൽ പണം ഉണ്ടായിരുന്നില്ല. അമ്മയും അഛനും അവരെ ഏറ്റെടുക്കുകയായിരുന്നു. അവരെ ഇസ്ലാമിക രീതിയിൽതന്നെ വളർത്തി. സ്കൂൾ വിദ്യാഭ്യാസവും ഇസ്ലാമിക വിദ്യാഭ്യാസവും നൽകി. കാഴ്ച കുറവുള്ളതുകൊണ്ട് അമ്മ അവർക്ക് ഖുർആൻ വായിച്ചുകൊടുക്കാറുണ്ടായിരുന്നു. അത് ഖുർആനിക ആശയങ്ങൾ അടുത്തറിയാൻ അമ്മക്ക് അവസരം ഒരുക്കിക്കൊടുത്തു. ഖുർആനോട് ഒരു അടുപ്പം അന്നേ അമ്മക്കുണ്ടായിരുന്നു. പക്ഷേ ഇസ്ലാമിലേക്ക് പരിവർത്തനം ചെയ്യാൻതക്ക സ്വാധീനം അമ്മയിൽ ചെലുത്തിയത് എന്താണെന്ന് പറയാൻ കഴിയുന്നില്ല.

*? പെട്ടെന്നുള്ള ഒരു മതംമാറ്റമായിരുന്നോ അമ്മയുടെ ഇസ്ലാം സ്വീകരണം*

അല്ല, ദീർഘകാലമായി അമ്മയുടെ മനസ്സിൽ ഇസ്ലാമുണ്ടായിരുന്നു. 1986–'87ൽ തന്നെ അമ്മ അമ്പലത്തിൽ പോകുന്നത് നിർത്തിയിരുന്നു. പൂജ ചെയ്യുന്നത് അവസാനിപ്പിച്ചിരുന്നു. ഒരു മാറ്റം അന്നുതന്നെ അമ്മയിൽ സംഭവിച്ചിരുന്നു. ആദ്യമൊക്കെ അമ്മ ധാരാളം അമ്പലങ്ങളിൽ പോയിരുന്നു, സ്ഥിരമായി ഗുരുവായൂർ അമ്പലത്തിൽ പോകാറുണ്ടായിരുന്നു. അതിലൊക്കെ വലിയ വിശ്വാസമായിരുന്നു. ചെറുപ്പത്തിൽ എനിക്ക് അസുഖം ബാധിച്ചപ്പോൾ അമ്മയുടെ എല്ലാ ആഭരണങ്ങളും ഗുരുവായൂർ അമ്പലത്തിലേക്ക് നൽകി, എന്റെ ജീവൻ നിലനിർത്തേണമേ എന്ന് അമ്മ പ്രാർഥിച്ചിരുന്നു. എന്നെ ജീവിതത്തിലേക്ക് തിരിച്ചുകിട്ടാൻ ആഭരണങ്ങളെല്ലാം ഗുരുവായൂർ അമ്പലത്തിൽ നൽകാൻ മാത്രം ഭക്തയായിരുന്നു അമ്മ. 1986–'87ൽ അതിൽനിന്നെല്ലാം മാറുകയാണുണ്ടായത്. ആ വിശ്വാസം അമ്മക്ക് നഷ്ടപ്പെട്ടു.

*? അക്കാലത്തുതന്നെ ഇസ്ലാം സ്വീകരിക്കാൻ ആഗ്രഹിച്ചിരുന്നോ*

അതെ, അമ്മ വളരെ മുമ്പുതന്നെ ഇസ്ലാം സ്വീകരിക്കാൻ ആഗ്രഹം പ്രകടിപ്പിച്ചിരുന്നു. അഛനോട് അത് പറയുകയും ചെയ്തിരുന്നു. പക്ഷേ കുടുംബത്തിൽ അതൊരു പ്രശ്നമാകരുതെന്ന് കരുതിയാണ് അന്ന് അമ്മ മുസ്ലിമാകാതിരുന്നത്.

അതുകൊണ്ട് 1999ൽ അമ്മ ഇസ്ലാം സ്വീകരണം പ്രഖ്യാപിച്ചപ്പോൾ ഞങ്ങൾക്കൊന്നും ഒരു ഞെട്ടലുമുണ്ടായില്ല. അസ്വസ്ഥതയും പ്രയാസവും തോന്നിയില്ല. ഇസ്ലാംസ്വീകരണം പ്രഖ്യാപിച്ചത് ഒരു യോഗത്തിൽ വെച്ചാണ്; പരസ്യമായി. അതൊരു ഒളിച്ചോട്ടമായിരുന്നില്ല. ധീരമായി ഇസ്ലാംസ്വീകരണം അമ്മ പ്രഖ്യാപിച്ചു.

*? ഇസ്ലാമിക ചരിത്രത്തിലും അത്തരം ചില വ്യക്തികളുണ്ടായിരുന്നു. ഉമർ, ഹംസ, അബൂദർറുൽ ഗിഫാരി തുടങ്ങിയ പ്രവാചക ശിഷ്യന്മാർ പരസ്യമായാണ് ഇസ്ലാം സ്വീകരണം പ്രഖ്യാപിച്ചത്....*

പരസ്യമായി ഇസ്ലാം സ്വീകരണം പ്രഖ്യാപിച്ചത് പലരെയും ഞെട്ടിച്ചു, അത്ഭുതപ്പെടുത്തി. മാധവിക്കുട്ടിയുടെ പൊയ്വെടിയായാണ് പലരും അതിനെ കണ്ടത്. എന്നാൽ പിന്നീട് അത് യാഥാർഥ്യമാണെന്നും ബോധപൂർവമുള്ള പ്രഖ്യാപനമാണെന്നും ആളുകൾക്ക് മനസ്സിലായി. അമ്മ ഇസ്ലാം സ്വീകരിച്ച അന്ന് പല പത്രപ്രവർത്തകരും എഴുത്തുകാരും എന്നെ വിളിച്ചു. നിങ്ങൾ ഞെട്ടിയില്ലേ എന്നു ചോദിച്ചു. ഞങ്ങൾക്കൊരു ഞെട്ടലും ഉണ്ടായിരുന്നില്ല. ഇസ്ലാം സ്വീകരിക്കാൻ പോകുന്നതിനു മുമ്പേ അമ്മ ഞങ്ങളോട് പറഞ്ഞിരുന്നു. അമ്മയുടെ ആഗ്രഹത്തിനും ഇഷ്ടത്തിനും ഞങ്ങൾ ഒരിക്കലും എതിരായിരുന്നില്ല.

*? ഒരു യാത്രക്കിടയിൽ അമ്മ ഒരു അത്ഭുത വെളിച്ചം കണ്ടതായി പറയുന്നുണ്ടല്ലോ*

അതെ, എനിക്കത് വാക്കുകൾകൊണ്ട് വിശദീകരിക്കാനാകില്ല. ഞാൻ അതേക്കുറിച്ച് പറഞ്ഞാൽ ആ സംഭവത്തിന്റെ മഹത്വം കുറഞ്ഞുപോകുമോ എന്ന് ആശങ്കിക്കുകയാണ്.

അമ്മ ഒരു ദിവസം എന്നെ വിളിച്ചു പറഞ്ഞു: "മോനൂ ഞാൻ ഒരു വെളിച്ചം കണ്ടു, ഒരു തെളിഞ്ഞ പ്രകാശം (Bright light). അതെന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു. 'നീ എന്റേതാണ്, എന്റെ കൂടെ വരണം' എന്നത് എന്നോട് ആജ്ഞാപിച്ചു. ഞാൻ ഇസ്ലാം സ്വീകരിക്കുകയാണ്." ഞാൻ ചോദിച്ചു, അമ്മേ എന്തു ഭാഷയിലായിരുന്നു ആ ആജ്ഞ? "അതിന് ഭാഷയുണ്ടായിരുന്നില്ല അതൊരു ആജ്ഞയായിരുന്നു, അല്ലാഹുവിന്റെ ആജ്ഞ"- ഇതായിരുന്നു അമ്മയുടെ വിശദീകരണം.

അത് തികച്ചും വ്യക്തിപരമായ, ആത്മീയമായ, ആഴമുള്ള ഒരു അനുഭവമായിരുന്നു. വാക്കുകൾകൊണ്ട് അത് വിശദീകരിക്കാനാവില്ല. അത് യുക്തിപരമായി(rational) വിശകലനം ചെയ്യാനാവില്ല. ആത്മീയമായി മനസ്സിലാക്കേണ്ടതാണ്.

ഏതായിരുന്നാലും അമ്മയുടെ മാറ്റത്തിൽ ഞങ്ങൾക്ക് വലിയ സന്തോഷം തോന്നി. ലക്ഷ്മിയും ദേവിയുമൊക്കെ സന്തോഷം പ്രകടിപ്പിച്ചു. ഔപചാരികമായപരിവർത്തന സമയത്ത് ഞാനും സന്നിഹിതനായിരുന്നു.

*? അമ്മ അറിഞ്ഞ ഇസ്ലാമിനെക്കുറിച്ച്*

അമ്മ അറിഞ്ഞ, അനുഭവിച്ച, സ്വീകരിച്ച ഇസ്ലാം ദൈവത്തിന്റെ ഇസ്ലാമായിരുന്നു. പുസ്തകങ്ങളുടെ ഇസ്ലാം ആയിരുന്നില്ല. ഇസ്ലാമിനെക്കുറിച്ച് ലക്ഷക്കണക്കിന് പുസ്തകങ്ങൾ ഉണ്ട്. ആയിരക്കണക്കിന് തത്ത്വശാസ്ത്രങ്ങൾ ഉണ്ട്. ഒരുപാട് പണ്ഡിതരും പ്രഭാഷണങ്ങളുമുണ്ട്. ഇതൊന്നുമായിരുന്നില്ല അമ്മയുടെ ഇസ്ലാം. വിശ്വാസത്തിന്റെ ഇസ്ലാമായിരുന്നു അമ്മയുടേത്. അല്ലാഹുവിലുള്ള അചഞ്ചലമായ വിശ്വാസമാ

യിരുന്നു അമ്മക്കുണ്ടായിരുന്നത്. ആ വിശ്വാസത്തിന് ഒരിക്കലും കുറവ് വന്നിരുന്നില്ല. ശക്തിപ്പെടുകയാണുണ്ടായത്. അതിൽ അമ്മ സ്വാതന്ത്ര്യവും സുരക്ഷിതത്വവും കണ്ടെത്തി, അത് അനുഭവിച്ചു. ഇസ്‌ലാമിൽ അമ്മ എന്നും സന്തോഷവതിയായിരുന്നു. അമ്മക്കൊരിക്കലും അതിൽ നിരാശയുണ്ടായിരുന്നില്ല. 'മതം മടുത്തു' തുടങ്ങിയ പ്രചാരണങ്ങൾ തെറ്റായിരുന്നു. അങ്ങനെ അമ്മ ചിന്തിച്ചിരുന്നില്ല. അമ്മയുടെ വിശ്വാസത്തിന്റെ ആത്മാർഥതയുടെയും കരുത്തിന്റെയും വിജയമായിരുന്നു മരണത്തിലും അനന്തരകർമങ്ങളിലും നാം കണ്ടത്.

*? അമ്മ ഇസ്‌ലാം സ്വീകരിച്ചപ്പോൾ ആളുകളിൽ നിന്നുണ്ടായ പ്രതികരണം*

പലരെയും അമ്മയുടെ ഇസ്‌ലാം സ്വീകരണം അത്ഭുതപ്പെടുത്തി, അമ്പരപ്പിച്ചു. അമ്മക്ക് ധാരാളം സുഹൃത്തുക്കൾ ഉണ്ടായിരുന്നു. അവരിൽ പലരും ഇസ്‌ലാം വളരെ നാരോമൈന്റഡ് ആണ് എന്നാണ് ധരിച്ചിരുന്നത്. ഇസ്‌ലാം ക്രിയേറ്റീവല്ല, പരുഷമാണ്, നിയമങ്ങൾ കർക്കശമായി അടിച്ചേൽപിക്കുന്ന പാരതന്ത്ര്യത്തിന്റെ മതമാണ് തുടങ്ങിയ തെറ്റിദ്ധാരണകൾ പുലർത്തിയവർ. സ്വാതന്ത്ര്യ ദാഹിയായ, സ്വാതന്ത്ര്യവാദിയായ മാധവിക്കുട്ടിക്ക് എങ്ങനെ അത്തരമൊരു 'അടഞ്ഞ മതം' സ്വീകരിക്കാൻ കഴിയുന്നുവെന്ന് അവർ അമ്പരന്നു. അമ്മയുടെ സ്വാതന്ത്ര്യ സങ്കൽപം രചനകളിലൂടെ, നിലപാടുകളിലൂടെ വെട്ടിത്തുറന്ന് പ്രഖ്യാപിച്ചിരുന്നുവല്ലോ. അതൊക്കെ അറിയുന്നവർ ചോദിച്ചു, അമ്മക്കെങ്ങനെ ഇസ്‌ലാം സ്വീകരിക്കാൻ കഴിഞ്ഞു? അത് അമ്മയുടെ വ്യക്തിത്വത്തെ ബാധിക്കില്ലേ, രചനകൾക്ക് നിയന്ത്രണം വരില്ലേ, അമ്മ സാഹിത്യ രചനകൾ നിർത്തേണ്ടിവരില്ലേ എന്നൊക്കെയായിരുന്നു ആളുകളുടെ സംശയങ്ങൾ. സ്വാതന്ത്ര്യം ആഗ്രഹിക്കുന്നവർക്ക് ഒരിക്കലും ഇസ്‌ലാമിനെ ഉൾക്കൊള്ളാനാകില്ല എന്നാണവർ കരുതിയത്. പക്ഷേ അമ്മയുടെ ജീവിതം അവരുടെ ധാരണകൾ തെറ്റാണെന്ന് തെളിയിച്ചു. അമ്മയുടെ ഇസ്‌ലാം സ്വീകരണം ഇസ്‌ലാമിനെക്കുറിച്ച പലരുടെയും ധാരണകൾ തിരുത്താൻ കാരണമായിട്ടുണ്ട്.

*? ഇസ്‌ലാം അമ്മയിലുണ്ടാക്കിയ മാറ്റം*

ഇസ്‌ലാം സ്വീകരിച്ച ശേഷം അമ്മയുടെ ഉള്ളിൽ പുതിയൊരു ശക്തിയുണ്ടായി. ജീവിതത്തെക്കുറിച്ച ഗൗരവബോധം വന്നു. മരണാനന്തര ജീവിതത്തെക്കുറിച്ച ചിന്ത വന്നു. അമ്മ പുതിയ ഒരാളായതുപോലെ തോന്നി.

1999ൽ അമ്മ ഇസ്‌ലാം സ്വീകരിക്കുന്നതിന് മുമ്പ് പലരും അമ്മയെ ഇന്റർവ്യൂ ചെയ്തിട്ടുണ്ട്. അതിനുശേഷവും ചെയ്തിട്ടുണ്ട്. എന്നാൽ മുസ്‌ലിമായ ശേഷം അമ്മയുമായി നടത്തിയ അഭിമുഖങ്ങൾ ശ്രദ്ധിക്കുക, അമ്മയിലുണ്ടായ മാറ്റം അതിൽ പ്രതിഫലിക്കുന്നത് കാണാം. '99നു മുമ്പും '99 ശേഷവും എന്നിങ്ങനെ രണ്ട് ഘട്ടങ്ങൾ അമ്മയുടെ ജീവിതത്തിലുണ്ടായിരുന്നു.

ഇസ്‌ലാം സ്വീകരിച്ച ശേഷം പ്രത്യേകമായ ഒരു ശക്തി തേജസ് അമ്മക്ക് കൈവന്നു. അമ്മ കൂടുതൽ എനർജറ്റിക്കായി. വിശ്വാസത്തിന്റെ ശക്തിയായിരുന്നു അത്. വിവരിക്കാനാകാത്ത ശക്തി. അമ്മയുടെ ക്രിയേറ്റിവിറ്റിയെ ഇസ്‌ലാം പ്രതികൂലമായി ബാധിച്ചിരുന്നില്ല.

മരണാനന്തര ജീവിതത്തെക്കുറിച്ച് ബോധവതിയായിരുന്നു അമ്മ. അതിനെ കുറിച്ച് എപ്പോഴും ചിന്തിക്കുമായിരുന്നു. ജീവിതം മുഴുവൻ അത് കാത്തുസൂക്ഷിച്ചിരുന്നു. അതുകൊണ്ടുതന്നെ അമ്മ അല്ലാഹുവിനെയും ഇസ്‌ലാമിനെയും അവസാനം വരെ മുറുകെപ്പിടിച്ചിരുന്നു. മതത്തിൽ ഒരു മടുപ്പും വിശ്വാസക്കുറവും അമ്മക്ക് വന്നിരുന്നില്ല.



**അല്ലാഹുവിലുള്ള അചഞ്ചലമായ വിശ്വാസമായിരുന്നു അമ്മക്കുണ്ടായിരുന്നത്. ആ വിശ്വാസത്തിന് ഒരിക്കലും കുറവ് വന്നിരുന്നില്ല. ശക്തിപ്പെടുകയാണുണ്ടായത്. അതിൽ അമ്മ സ്വാതന്ത്ര്യവും സുരക്ഷിതത്വവും കണ്ടെത്തി, അത് അനുഭവിച്ചു. ഇസ്‌ലാമിൽ അമ്മ എന്നും സന്തോഷവതിയായിരുന്നു. അമ്മക്കൊരിക്കലും അതിൽ നിരാശയുണ്ടായിരുന്നില്ല.**

*? അമ്മയുടെ മാറ്റം നൽകുന്ന സന്ദേശം*

മുസ്‌ലിംകൾ അടഞ്ഞ സമൂഹമാണ്, മറ്റുള്ളവരെ ഉൾക്കൊള്ളാൻ കഴിയാത്തവരാണ്, ഇണങ്ങാൻ സാധിക്കാത്തവരാണ് എന്ന ധാരണ തിരുത്താൻ അമ്മയുടെ മാറ്റവും മരണാനന്തര ചടങ്ങുകളും കാരണമായിട്ടുണ്ട്. അമ്മ സ്വാതന്ത്ര്യത്തെയാണ് പ്രതിനിധീകരിച്ചിരുന്നത്. സ്വാതന്ത്ര്യം, സ്ത്രീത്വത്തിനുള്ള അംഗീകാരം, ആവിഷ്കാര സ്വാതന്ത്ര്യം തുടങ്ങിയവയൊക്കെ ഇസ്‌ലാമിന് അന്യമാണെന്ന ധാരണയെ അമ്മ തിരുത്തി. അമ്മയുടെ മാറ്റം ഇസ്‌ലാമിലേക്കായതാണല്ലോ ആളുകളെ അത്ഭുതപ്പെടുത്തിയത്. ബുദ്ധമതത്തിലേക്കോ ക്രിസ്തുമതത്തിലേക്കോ ആയിരുന്നെങ്കിൽ ഇത്രയേറെ അമ്പരപ്പുണ്ടാകുമായിരുന്നില്ല. പക്ഷേ, തെരഞ്ഞെടുത്തത് ഇസ്‌ലാമായപ്പോൾ 'എന്തുകൊണ്ട് ഇസ്‌ലാം!' എന്ന ചോദ്യമുണ്ടായി. അമ്മയെന്ന സ്ത്രീ സ്വാതന്ത്ര്യവാദി, സ്ത്രീസ്വാതന്ത്ര്യം ഒട്ടുമില്ലെന്ന് കരുതപ്പെടുന്ന ഇസ്‌ലാമിന്റെ വഴി സ്വീകരിക്കുകയോ? ഇത്തരം ചോദ്യങ്ങൾക്കും അമ്പരപ്പുകൾക്കും അമ്മയുടെ മാറ്റം ഉത്തരമായിത്തീർന്നു.

*? 'പരുഷ ഇസ്‌ലാം' എന്ന ധാരണ സൃഷ്ടിക്കപ്പെടാൻ കാരണം*

മുസ്‌ലിം സമൂഹത്തിലെ ചിലരുടെ പ്രവർത്തനങ്ങളും

സമീപനങ്ങളുമാണ് ഇസ്‌ലാമിനെ തെറ്റിദ്ധരിക്കാൻ കാരണമാകുന്നത്. അവരുടെ കൈയിലുള്ള ഇസ്‌ലാം പരുഷവും കുടുസ്സാർന്നതുമാണ്. സമൂഹത്തിന് മുമ്പിൽ തുറന്നു നിൽക്കാൻ, വിശാലമായ സമീപനരീതികൾ സ്വീകരിക്കാൻ ചിലർക്കെങ്കിലും സാധിക്കുന്നില്ല. ഇതല്ലല്ലോ യഥാർഥ ഇസ്‌ലാം.

ജനങ്ങളെ സ്നേഹിക്കുന്ന, സ്വീകരിക്കുന്ന, ഉൾക്കൊള്ളുന്ന മാനവികതയുടെ ഇസ്‌ലാം, അതാണ് ലോകത്തിന് വേണ്ടത്. അമ്മയുടെ ഇസ്‌ലാം അതായിരുന്നു. തിരുവനന്തപുരം പാളയം ജുമാ മസ്ജിദിൽ കണ്ട ഇസ്‌ലാം അതായിരുന്നു. എല്ലാവരെയും സ്വീകരിക്കുന്ന, തോളോട് തോൾ ചേർന്നു നിൽക്കുന്ന ഇസ്‌ലാം. പ്രാർഥനാ നിർഭരമായ മനസ്സുള്ള ഇസ്‌ലാം. അവിടെ എല്ലാവർക്കും ഇടമുണ്ട്. ജനങ്ങളെ വിഭാഗീയമായല്ലാതെ കാണാൻ കഴിയാത്ത, തടുത്തുനിർത്തുന്ന, വാതിലുകൾ അടച്ചുകളയുന്ന ചിലരുണ്ട്. ഇതാണ് ഇസ്‌ലാമിനെക്കുറിച്ച് തെറ്റിദ്ധാരണ സൃഷ്ടിക്കുന്നത്.

*? ഇസ്‌ലാമിന്റെ ഭാവിയെക്കുറിച്ചും വിജയത്തെക്കുറിച്ചും അമ്മക്ക് ശുഭപ്രതീക്ഷയുണ്ടായിരുന്നല്ലോ*

തീർച്ചയായും. അമ്മ എന്നോട് പറയാറുണ്ടായിരുന്നു, 'വരുന്ന കാലം ഇസ്‌ലാമിന്റേതാണ്. സ്നേഹത്തിന്റെ ഇസ്‌ലാം ലോകം കീഴടക്കും. കാരുണ്യം, സ്നേഹം, സൗഹാർദം, സമഭാവന, അനുകമ്പ, സഹാനുഭൂതി ഇതാണ് ഇസ്‌ലാം. ഈ ഇസ്‌ലാം ലോകമെങ്ങും വ്യാപിക്കും.' അമ്മക്ക് വലിയ പ്രതീക്ഷയുണ്ടായിരുന്നു. യഥാർഥത്തിൽ അല്ലാഹു പഠിപ്പിച്ച ഇസ്‌ലാം ഇതാണല്ലോ. ലോകമുസ്‌ലിംകൾ ഇത്തരം ഒരു ഇസ്‌ലാമിനെ ഉയർത്തിപ്പിടിച്ചാൽ തീർച്ചയായും ഇസ്‌ലാം വളരും, വിജയിക്കും.

*? അമ്മയുടെ മരണാനന്തര ചടങ്ങുകളെക്കുറിച്ച്*

അമ്മയുടെ ആഗ്രഹമാണ് ഞങ്ങൾ പൂർത്തീകരിച്ചത്. ഇസ്‌ലാമിക രീതിയിൽ തന്റെ മരണാനന്തര ചടങ്ങുകൾ നടത്തണമെന്നാണ് അമ്മ ഞങ്ങളോട് പറഞ്ഞിരുന്നത്. അത് പൂർത്തീകരിക്കേണ്ടത് മക്കളുടെ ബാധ്യതയായിരുന്നു. അത് നിർവഹിക്കാനായതിൽ ഞങ്ങൾക്ക് ചാരിതാർഥ്യമുണ്ട്. 'മരിച്ചാൽ കേരളത്തിൽ സംസ്കരിക്കുക. അത് ഇപ്പോൾ വിശ്വസിക്കുന്ന മതാചാരപ്രകാരമാവുക'- അമ്മയുടെ ഈ രണ്ട് വാക്കും ഞങ്ങൾ പാലിച്ചു. കേരളത്തിലേക്ക് കൊണ്ടുവരരുത്, വിവാദമാകും, പ്രശ്നങ്ങളുണ്ടാകും, കലാപമുണ്ടാകും എന്നൊക്കെ ചിലർ പറഞ്ഞിരുന്നു. ഉന്നത വ്യക്തികളും ഉയർന്ന ഉദ്യോഗസ്ഥരും വരെ ഇത് പറഞ്ഞിരുന്നു. അമ്മയുടെ ആഗ്രഹത്തിന് എതിര് നിൽക്കാൻ ഞങ്ങൾ ഒരുക്കമായിരുന്നില്ല. അതിന്റെ പേരിലുണ്ടാകുന്ന വിവാദങ്ങൾ നേരിടാനായിരുന്നു തീരുമാനം. ഇപ്പോൾ വിവാദങ്ങളില്ല, ഫോൺ വിളിച്ചവരെയും കാണാനില്ല.

ചിലർ എന്നെ ഫോണിൽ വിളിച്ചു പറഞ്ഞു, പാളയം പള്ളിയിൽ മയ്യിത്ത് ഖബ്റടക്കരുത് അത് വഹാബികളുടെ പള്ളിയാണ്, അവർ അമ്മയെ കാണാൻ ആരെയും അനുവദിക്കില്ല. ഗെയ്റ്റ് അടക്കും, ആരെയും സ്വാഗതം ചെയ്യില്ല എന്നൊക്കെ. മറ്റു ചില പള്ളികളുടെ പേരു പറഞ്ഞു, അവിടെ അടക്കം ചെയ്യാം എന്നു പറഞ്ഞു. എന്നാൽ പാളയം പള്ളികമ്മിറ്റിയുടെയും ഇമാം മൗലവി ജമാലുദ്ദീൻ മങ്കടയുടെയും മുസ്‌ലിം സമൂഹത്തിന്റെയും സമീപനം വിസ്മയിപ്പിക്കുന്നതായിരുന്നു. അമ്മയെ അവർക്ക് വിട്ടുകൊടുക്കേണ്ടിവരുമെന്നാണ് ഞങ്ങൾ കരുതിയിരുന്നത്.ചൊവ്വാഴ്ച രാവിലെ പാളയം ജുമാ മസ്ജിദിൽ കയറിയതോടെ ഞങ്ങളുടെ എല്ലാ ആധിയും ആശങ്കയും അവസാനിച്ചു. മുസ്‌ലിംകൾക്കൊപ്പം ഞങ്ങൾ തന്നെ എല്ലാം ചെയ്തു. അമ്മയുടെ മൃതദേഹം കുളിപ്പിക്കാൻ ലക്ഷ്മിയും ജയസൂര്യയുടെ ഭാര്യ ദേവിയും മക്കളുമുണ്ടായിരുന്നു. അവർക്ക് ഇതൊരു വലിയ അനുഭവമായിരുന്നു. ഇസ്‌ലാം ലോകത്ത് വ്യാപകമാകുമെന്നും അത് സ്നേഹത്തിലൂടെയും സമാധാനത്തിലൂടെയും ആയിരിക്കുമെന്നും ഇസ്‌ലാമിൽ ഞാൻ സ്വതന്ത്രയായിരിക്കും എന്നും അമ്മ പറയാറുണ്ടായിരുന്നു. അതിന്റെ പ്രയോഗസാക്ഷ്യമാണ് പാളയം പള്ളിയിൽ കണ്ടത്. അത് മറ്റൊരു വിഭാഗത്തിന്റെ ചടങ്ങുകളായി തോന്നിയില്ല. 'ഞങ്ങളും' 'അവരും' അവിടെ ഉണ്ടായില്ല, 'നാം' ആണ് ഉണ്ടായിരുന്നത്. ഈ ചടങ്ങുകൾ ആളുകൾക്ക് നേരിട്ടും ടി.വിയിലൂടെയും കാണാൻ കഴിഞ്ഞത് ഒരുപാട് പേരുടെ കണ്ണ് തുറപ്പിച്ചു.

*? കുടുംബത്തിന്റെ നിലപാട്*

അമ്മയുടെ മരണത്തിൽ കുടുംബാംഗങ്ങൾ അതീവ ദുഃഖിതരാണ്. എന്നാൽ, മരണാനന്തര ചടങ്ങുകൾ ഇവ്വിധം നടന്നതിൽ സന്തോഷവും സംതൃപ്തിയുമാണുള്ളത്. അമ്മക്ക് എത്ര പേരുടെ പ്രാർഥന കിട്ടി, അതൊന്നും സ്വീകരിക്കപ്പെടാതിരിക്കില്ല. തിരുവനന്തപുരം രാജകുടുംബത്തിലെ അംഗങ്ങൾ ഇവിടെ വന്നിരുന്നു, അവർ മരണാനന്തര ചടങ്ങുകളിൽ സംതൃപ്തരായിരുന്നു. "നന്നായി, ഇങ്ങനെത്തന്നെയാണ് ചെയ്യേണ്ടിയിരുന്നത്. അമ്മയുടെ വിശ്വാസമനുസരിച്ചുതന്നെയാണ് അമ്മയെ സംസ്കരിക്കേണ്ടത്. എങ്കിലേ അമ്മയുടെ ആത്മാവിന് മോക്ഷം കിട്ടൂ. അമ്മയുടെ വിശ്വാസമനുസരിച്ചല്ലാതെ മറ്റൊരു രീതിയിൽ കർമങ്ങൾ ചെയ്താൽ മോക്ഷം കിട്ടില്ല." അതായിരുന്നു അവരുടെ പ്രതികരണം.

*? പൂനയിൽ സംസ്കരിക്കാൻ കോർപറേഷനിൽ അപേക്ഷ കൊടുത്തിരുന്നുവെന്നും അതംഗീകരിച്ചിരുന്നുവെന്നും കേൾക്കുന്നുണ്ടല്ലോ*

അത്തരം പ്രചാരണമെല്ലാം തെറ്റാണ്. അങ്ങനെയൊന്നുമുണ്ടായിട്ടേയില്ല. ആരൊക്കെയോ ചേർന്ന് നടത്തുന്ന തെറ്റായ പ്രചാരണങ്ങളാണത്. ഞങ്ങൾ മക്കളുടെ ഭാഗത്തുനിന്ന് അങ്ങനെ ഒന്നും ഉണ്ടായിട്ടില്ല. ഹോസ്പിറ്റലിൽ കമലാദാസ് എന്ന പേരാണ് കൊടുത്തിരുന്നത്. കാരണം എല്ലാ രേഖകളിലും അമ്മയുടെ പേര് അതായിരുന്നു. അതുകൊണ്ട് മരണ സർട്ടിഫിക്കറ്റും അങ്ങനെയാണ് വന്നത്.

ഇസ്‌ലാം സ്വീകരിച്ച ശേഷം അമ്മ സ്വീകരിച്ച പേരാണ് സുറയ്യ. ഇത് അമ്മ തന്നെ പ്രഖ്യാപിച്ചതാണ്. 'സുറയ്യ' എന്നത് ദൈവം നൽകിയ പേരാണ്. കമലാ ദാസ് മനുഷ്യൻ ഇട്ട പേരാണ്. ഇതാണ് ഹോസ്പിറ്റലിൽ നൽകിയത്. ഇതിലൊന്നും ഒരു വിവാദത്തിനും പഴുതില്ല. അമ്മയുടെ ജീവിതമാണ് അമ്മയുടെ സന്ദേശം.

*? ചില പത്രങ്ങൾ ഇതൊക്കെ വിവാദമാക്കാൻ ശ്രമിക്കുന്നുണ്ടല്ലോ*

താങ്കൾക്കറിയാമല്ലോ, പാളയം പള്ളിയിൽ അമ്മയുടെ മയ്യിത്ത് നമസ്കരിക്കാനും ഖബ്റടക്കം നടത്താനും ഞങ്ങൾ മൂന്നു മക്കളും ഉണ്ടായിരുന്നു. ഞങ്ങളുടെ ഭാര്യമാരും മക്കളും അവിടെ ഉണ്ടായിരുന്നു. അമ്മയുടെ സഹോദരിയും പാളയത്ത് വന്നിരുന്നു. അതിനപ്പുറം എന്തു വിവാദം? ലോകം മുഴുവൻ ഇതെല്ലാം കണ്ടു, അനുഭവിച്ചു. എന്നിട്ടും ഇതിൽ വിവാദമുണ്ടാക്കാൻ ശ്രമിക്കുന്നവർ എത്ര ചെറുതായാണ് ചിന്തിക്കുന്നത്. ദൃശ്യസാക്ഷ്യങ്ങൾ നമ്മുടെ മുമ്പിലുണ്ട്. അതാണിതിനുള്ള മറുപടി.

ആരോ എന്നെ വിളിച്ചു പറഞ്ഞു, *ജന്മഭൂമി*യിൽ എന്തൊ

**ഇസ്‌ലാമിന്റെ ഏറ്റവും വലിയ സവിശേഷത സമഭാവന യാണ്. മനുഷ്യർക്കിട യിൽ ഇസ്‌ലാം വിവേചനം കാണിക്കു ന്നില്ല. ഇസ്‌ലാമിൽ ജാതി സമ്പ്രദായമില്ല. എല്ലാ മനുഷ്യരെയും ഒന്നായി കാണുന്ന സമത്വ സിദ്ധാന്തമാണ് ഇസ്‌ലാമിന്റേത്. ദലിതനും ബ്രാഹ്മണനും നായരും നമ്പൂതിരിയും ഒന്നും അവിടെയില്ല. ഉള്ളത് മനുഷ്യർ മാത്രം.**



ക്കെയോ എഴുതിയിട്ടുണ്ടെന്ന്. ഞാൻ പറഞ്ഞു, അവർ എഴുതട്ടെ, നമുക്ക് അത് അവഗണിക്കാം. അവർ ഇന്ന് ഇങ്ങനെ പറയും, നാളെ മാറ്റിപ്പറയും. അതൊന്നും നാം പരിഗണിക്കേണ്ടതില്ല. കാരണം, നമ്മുടെ മുമ്പിൽ ജീവിക്കുന്ന യാഥാർഥ്യങ്ങളുണ്ട്, അനുഭവങ്ങളുണ്ട്. അതുതന്നെയാണ് ഇത്തരം പ്രചാരണങ്ങൾക്കുള്ള മറുപടി. ജനങ്ങൾ സംഭവങ്ങൾ നേർക്കുനേർ കണ്ട് സത്യം മനസ്സിലാക്കി, ആ യാഥാർഥ്യങ്ങൾക്കപ്പുറം ഒരു പ്രചാരണവും വിവാദവും ഏശുകയില്ല.

***? ഗവൺമെന്റിന്റെ സമീപനം***

കേരള ഗവൺമെന്റിന്റെ ഭാഗത്തു നിന്ന് അങ്ങേയറ്റത്തെ സഹകരണമാണ് ഞങ്ങൾക്കുണ്ടായത്. എം.എ ബേബി ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിച്ചു. ചിലർ പറഞ്ഞു, കമലാ സുറയ്യ മുസ്‌ലിമായതുകൊണ്ടാണ് ബേബി ഇങ്ങനെയൊക്കെ ചെയ്തു കൊടുത്തത് എന്ന്. എന്നാൽ ആദ്യമൊന്നും ബേബിക്കറിയില്ലായിരുന്നു പാളയം പള്ളിയിൽ ഖബ്റടക്കുകയാണെന്ന്. ബേബി ചോദിച്ചു, എവിടെയാണ് ദഹിപ്പിക്കുന്നത്? ഞാൻ പറഞ്ഞു, പൂർണ ഇസ്‌ലാമിക രീതിയിൽ ഖബ്റടക്കുകയാണ് ചെയ്യുന്നത്. കുടുംബത്തിന്റെ തീരുമാനം ഇതാണോ എന്ന് ചോദിച്ച ബേബി, 'അതെ' എന്നു കേട്ടതോടെ പാളയം ഖബ്ർസ്ഥാനിൽ ഖബ്റടക്കാൻ ഗവൺമെന്റ് തലത്തിൽ എല്ലാ സൗകര്യങ്ങളും ഒരുക്കിത്തന്നു.

***? ആദ്യമായാണോ താങ്കൾ മസ്ജിദിൽ പോകുന്നത്***

കുടുംബാംഗങ്ങൾക്ക് ഇതൊരു പുതിയ അനുഭവമായിരുന്നു. എന്നാൽ എനിക്ക് ഇസ്‌ലാമിനെക്കുറിച്ചും മുസ്‌ലിംകളെക്കുറിച്ചും നേരത്തേതന്നെ അറിയാം. മുസ്‌ലിംകളുമായി അടുത്ത ബന്ധമാണ് എനിക്കുള്ളത്. ഇസ്‌ലാമിനെകുറിച്ച് ഞാൻ ധാരാളം വായിച്ചിട്ടുണ്ട്. ഇസ്‌ലാം തീവ്രവാദത്തിനും ഭീകരതക്കും എതിരാണ്. തീവ്രവാദം ഏതു മതത്തിന്റേതാണെങ്കിലും ഞാൻ എതിർക്കും. മുസ്‌ലിം തീവ്രവാദം, ക്രിസ്ത്യൻ തീവ്രവാദം, ഹിന്ദു തീവ്രവാദം എല്ലാം എതിർക്കപ്പെടണം. ഇതാണെന്റെ പക്ഷം.

ഞാൻ നിരവധി മുസ്‌ലിംകളുമായി ഇടപഴകിയിട്ടുണ്ട്, സംസാരിച്ചിട്ടുണ്ട്. സുഹൃത്തുക്കളോടൊപ്പം പള്ളികളിലും പോയിട്ടുണ്ട്. ഗൾഫ് രാജ്യങ്ങളിലും, ബാംഗ്ലൂരിലുമൊക്കെ ഞാൻ പള്ളിയിൽ പോയിട്ടുണ്ട്. ഇനി ഇതൊരു വിവാദമാക്കരുത്.

കുടുംബാംഗങ്ങളിൽ പലർക്കും മരണാനന്തര ചടങ്ങുകളിൽ പങ്കെടുത്തതും പള്ളിയിൽ കയറിയതും ആദ്യത്തെ അനുഭവമായിരുന്നു. അതവരെ ആഴത്തിൽ സ്പർശിച്ചിട്ടുണ്ട്. മയ്യിത്ത് കുളിപ്പിക്കുന്നത് സ്ത്രീകൾ നേരിട്ട് കണ്ടു. പ്രാർഥനയിലും ഖബ്റടക്കത്തിലും ഞങ്ങൾ എല്ലാവരും പങ്കെടുത്തു. ഒന്നാമത്തെ അണിയിൽ ഇമാം ജമാലുദ്ദീൻ മൗലവിയുടെ പിറകിൽ ഞങ്ങളും നിന്നു. കുടുംബക്കാരെല്ലാം വന്നിരുന്നു. ലക്ഷ്മിയുടെ രാജകുടുംബാംഗങ്ങളും വന്നിരുന്നു. അവർക്ക് എതിർപ്പൊന്നും ഉണ്ടായിരുന്നില്ല. എതിർപ്പുണ്ടായിരുന്നെങ്കിൽ അവർ വരുമായിരുന്നില്ലല്ലോ!

'അമ്മയുടെ ആഗ്രഹമല്ലേ അത്. അങ്ങനെ തന്നെ നടക്കണം' ഇതായിരുന്നു എല്ലാവരുടെയും പ്രതികരണം. ഒരു ബന്ധുവും മൃതദേഹം ദഹിപ്പിക്കണം എന്ന് പറഞ്ഞിരുന്നില്ല. അമ്മ മുസ്‌ലിമായിരുന്നു, അതുകൊണ്ട് ഇസ്‌ലാമികരീതിയിൽ തന്നെയാണ് സംസ്കരിക്കേണ്ടത്. അവിടെ മറ്റൊരു ചർച്ചക്ക് പ്രസക്തിയില്ല. മുസ്‌ലിംകളെ ആരെങ്കിലും ദഹിപ്പിക്കാറുണ്ടോ? പിന്നെ അമ്മയുടെ കാര്യത്തിൽ മാത്രം ഇതൊരു വിവാദമാകുന്നതെങ്ങനെ?

***? മനസ്സിലാക്കിയതനുസരിച്ച് ഇസ്‌ലാമിന്റെ പ്രധാന സവിശേഷതയെന്താണ്***

ഇസ്‌ലാമിന്റെ ഏറ്റവും വലിയ സവിശേഷത സമഭാവനയാണ്. മനുഷ്യർക്കിടയിൽ ഇസ്‌ലാം വിവേചനം കാണിക്കുന്നില്ല. ഇസ്‌ലാമിൽ ജാതി സമ്പ്രദായമില്ല. എല്ലാ മനുഷ്യരെയും ഒന്നായി കാണുന്ന സമത്വ സിദ്ധാന്തമാണ് ഇസ്‌ലാമിന്റേത്. 'ദലിത് മുസ്‌ലിം' എന്ന ഒരു പ്രയോഗം ഇസ്‌ലാമിന് ചേർന്നതല്ല. ഇസ്‌ലാമിന്റെ മൗലികമായ സവിശേഷതയാണ് സമത്വം. ദലിതനും ബ്രാഹ്മണനും നായരും നമ്പൂതിരിയും ഒന്നും അവിടെയില്ല. ഉള്ളത് മനുഷ്യർ മാത്രം. ഇസ്‌ലാമിന്റെ മഹത്വം വിളംബരം ചെയ്യുന്നതാണിത്. രാഷ്ട്രീയ താൽപര്യങ്ങൾക്കു വേണ്ടി ഇസ്‌ലാമിന്റെ ഇത്തരം മനോഹാരികതകളെ ഇല്ലാതാക്കരുത്.

ഇന്ത്യൻ സമൂഹത്തിലെ വലിയൊരു വിഭാഗം ജാതി വ്യവസ്ഥയിലധിഷ്ഠിതമാണ്. മനസ്സിലാണ് ജാതി കുടികൊള്ളുന്നത്. അതുകൊണ്ട് മനസ്സിൽ ഇത്തരം ദുഷ്പ്രവണതകൾ കടന്നുവരാതെ നോക്കണം. മനസ്സിൽ ദൈവത്തിന്റെ സന്ദേശം നിറക്കണം. ജാതിയും വർഗവും വർണവും മതവും നോക്കാത്ത മനുഷ്യ സ്നേഹവും സാഹോദര്യവുമാണ് ദൈവം പഠിപ്പിച്ചിട്ടുള്ളത്. ദൈവം എടുത്തു പറയുന്ന മഹദ് മൂല്യങ്ങളാണിവ.

പ്രവാചകന്റെ കാലത്തെ സമൂഹവും വീടുകളും ബഹുസ്വരമായിരുന്നു. ചില വീടുകളിൽ പകുതി ജൂതരും പകുതി മുസ്‌ലിംകളും ചിലതിൽ കുറച്ച് മുസ്‌ലിംകളും കുറച്ച് ക്രിസ്ത്യാനികളും കുറച്ച് ബഹുദൈവാരാധകരും– ഇങ്ങനെയായിരുന്നു പ്രവാചകന്റെ കാലം. ആരെയും അകറ്റിനിർത്തിയില്ല. മുസ്‌ലിംകൾ ആരെയും മതത്തിൽ ചേരാൻ നിർബന്ധിച്ചില്ല. മനസ്സ് മാറി

യാൽ മാറി അത്രതന്നെ. അമ്മയുടെ ജീവിതത്തിന്റെ ഏറ്റവും വലിയ സന്ദേശവും അതുതന്നെയാണ്. ഒരു വീട്ടിൽ വിവിധ മതക്കാർ ഒന്നിച്ചു താമസിച്ചു. മരണാനന്തര ചടങ്ങുകളിൽ, വിവിധ മതക്കാർ ഒന്നിച്ച് പങ്കുകൊണ്ടു. ഒരു ആരാധനാലയത്തിൽ എല്ലാ മതക്കാരും ഒന്നിച്ചു ചേർന്നു. ഇത് ലോകത്തിന് വലിയ സന്ദേശം നൽകുന്നു. അമ്മയുടെ ജീവിതവും മരണവും നമുക്ക് പഠിക്കാൻ ഒട്ടേറെ പാഠങ്ങൾ പകർന്നുനൽകുന്നുണ്ട്.

അമ്മയുടെ തുറന്ന മനസ്സിന്റെ അനന്തരഫലം കൂടിയായിരുന്നു ഇത്. മുസ്‌ലിംകൾ തുറന്ന മനസ്സുള്ളവരാണ്, ഇസ്‌ലാം സ്നേഹത്തിന്റെ മതമാണ് എന്നൊക്കെ അമ്മ എപ്പോഴും പറയുമായിരുന്നു. അമ്മക്ക് ഇസ്‌ലാം നന്നായി മനസ്സിലായിരുന്നു; സ്നേഹത്തിന്റെ ഇസ്‌ലാം. അമ്മ ഇത് പറഞ്ഞുകൊണ്ടിരുന്നെങ്കിലും അമ്മയുടെ സുഹൃത്തുക്കളിൽ പലർക്കും ഇത് മനസ്സിലായിരുന്നില്ല. എന്നാൽ മരണാനന്തര ചടങ്ങുകളിലൂടെ അമ്മ ഇത് എല്ലാവരെയും പഠിപ്പിച്ചിരിക്കുന്നു.

എ.കെ ആന്റണി എന്നെ ഫോണിൽ വിളിച്ചിരുന്നു. 'എനിക്ക് അമ്മയെ അടക്കം ചെയ്ത സ്ഥലം കാണണം.അതിന് അവർ അനുവദിക്കുമോ' -ഇതായിരുന്നു ആന്റണിയുടെ സംശയം. 'താങ്കൾ വരൂ, അമ്മയെ അടക്കം ചെയ്തതു കാണാം. അവർക്കൊരു തടസ്സവുമില്ല, പള്ളിക്കകത്താണ് ഞങ്ങളൊക്കെ പോയിരുന്നത്. അവർക്ക് തുറന്ന മനസ്സാണുള്ളത്'- ഞാൻ പറഞ്ഞു.

വിശ്വാസമുണ്ടെങ്കിൽ നിങ്ങൾ സുരക്ഷിതരാണെന്ന് നബി പറഞ്ഞിട്ടുണ്ട്. ആ സുരക്ഷിതത്വമാണ് അമ്മ അനുഭവിച്ചത്. ജൂതർ, ക്രിസ്ത്യാനികൾ, ഹിന്ദുക്കൾ, മുസ്‌ലിംകൾ എല്ലാവരും ഉണ്ടായിരുന്നില്ലേ പാളയം മസ്ജിദിൽ. ഇതാണ് ഇസ്‌ലാം, ഇസ്‌ലാമിന്റെ സമഭാവന.

***? ഇസ്‌ലാമിക രാഷ്ട്രത്തിനകത്ത് എക്കാലത്തും എല്ലാ മതക്കാരും സുരക്ഷിതത്വത്തോടെ സൗഹാർദത്തോടെ കഴിഞ്ഞിരുന്നു. ചിലപ്പോൾ ഇസ്‌ലാമിക രാഷ്ട്രത്തിൽ മുസ്‌ലിംകൾ ന്യൂനപക്ഷവും അമുസ്‌ലിംകൾ ഭൂരിപക്ഷവുമായിരുന്നു....***

ശരിയാണ്. ഇപ്പോൾ ഇവിടെ ഉണ്ടായ ഈ ഒരുമ തുടരാനാണ് നാം ശ്രമിക്കേണ്ടത്. ഇസ്‌ലാമിന്റെ ശത്രുക്കൾ ഇതെങ്ങനെ തകർക്കാം എന്നാണ് ചിന്തിച്ചുകൊണ്ടിരിക്കുന്നത്. അത് നാം സമ്മതിക്കരുത്. ചിലർ ഇപ്പോൾ തന്നെ ഇതൊക്കെ തകർക്കാനുള്ള ശ്രമം ആരംഭിച്ചിട്ടുണ്ട്. മുസ്‌ലിംകളെ വീണ്ടും എങ്ങനെ ഭീകരരായി ചിത്രീകരിക്കാം എന്നാണവർ ആലോചിക്കുന്നത്. മുസ്‌ലിംകൾ അടഞ്ഞ സമുദായമാണ് എന്ന് എങ്ങനെ സ്ഥാപിച്ചെടുക്കാം എന്നാണവർ ചിന്തിക്കുന്നത്. അതിനു വേണ്ടി കേരളത്തിൽ മാത്രമല്ല, ലോകം മുഴുവൻ ഗൂഢാലോചന നടക്കുന്നു. എന്നോടുതന്നെ ചിലർ പറഞ്ഞു, 'അവർ അഭിനയിക്കുകയാണ്, ഇപ്പോൾ കാണുന്ന സ്നേഹമെല്ലാം ഒരാഴ്ചയേ ഉണ്ടാകൂ. നിങ്ങൾ അവരുടെ കണ്ണുകളിലേക്ക് നോക്കൂ. അവയിൽ ദേഷ്യവും വെറുപ്പും കാണാം. ഞാൻ പറഞ്ഞു, 'ഞാൻ ഒരുപാട് കണ്ണുകൾ കാണുന്നു. അതിലൊന്നും പകയും വെറുപ്പും ഇല്ല. അവരുടെ കണ്ണുകൾ നിറയെ സ്നേഹമാണ്.'

അത് ഇസ്‌ലാമിന്റെ അടിസ്ഥാനഭാവമാണ്. അത് നിലനിർത്തണം.

***? മുസ്‌ലിം സമൂഹം വംശവിവേചനത്തിന് ഇരകളാവുകയും തെറ്റിദ്ധരിപ്പിക്കപ്പെടുകയും ചെയ്യുന്നില്ലേ***

സത്യം പറയാമല്ലോ, അമ്മക്ക് മുസ്‌ലിമാകുന്നതിന് മുമ്പ് ആഴ്ചയിൽ 80ഓളം പരിപാടികളിൽ പങ്കെടുക്കാൻ ക്ഷണം ലഭിക്കുമായിരുന്നു. സാഹിത്യ സമ്മേളനങ്ങളിലും ചർച്ചകളിലും ഉദ്ഘാടനങ്ങളിലുമൊക്കെ ധാരാളമായി അമ്മ ക്ഷണിക്കപ്പെടുമായിരുന്നു. എന്നാൽ ഇസ്‌ലാം സ്വീകരിച്ച ശേഷം അത് മൂന്നോ നാലോ ആയി ചുരുങ്ങി. അതുതന്നെ മിക്കവാറും മുസ്‌ലിം സംഘടനകളുടേതായിരിക്കും. അപ്പോഴാണ് എനിക്ക് ബോധ്യം വന്നത്, മുസ്‌ലിംകൾ സത്യത്തിൽ വിവേചനത്തിന് വിധേയരാവുന്നുണ്ടെന്ന്. ഒരുതരം മതപരമായ വിവേചനം അമ്മ അനുഭവിച്ചിട്ടുണ്ട്. അത് പൊതുവിലുള്ളതുമാണ്. എന്നാൽ ഇത്തരം വിവേചനങ്ങളെയും തെറ്റിദ്ധാരണകളെയും അതിജീവിക്കണം. സത്യം എന്നായിരുന്നാലും പുറത്തുവരും. സത്യം എക്കാലത്തും മൂടിവെക്കാനാവില്ല.

മുസ്‌ലിം സമൂഹത്തോട് എനിക്ക് പറയാനുള്ളത് ഇതാണ്: നിങ്ങൾ പുറത്തിറങ്ങുക. നിങ്ങളുടെ കൈയിൽ വലിയൊരു സമ്മാനം ഉണ്ട്; ദൈവത്തിന്റെ സമ്മാനം. ഇസ്‌ലാമിന്റെ സന്ദേശം, സ്നേഹത്തിന്റെ സമഭാവനയുടെ സന്ദേശം ജനങ്ങളിലെത്തിക്കുക. വളരെ ശക്തമായ മതമാണ് ഇസ്‌ലാം. അത് മറക്കാതിരിക്കുക. ആത്മവിശ്വാസം ഉണ്ടാകണം. കാഴ്ചശക്തി കുറവായിരുന്നിട്ടും ഇർഷാദും ഇംതിയാസും ഉന്നത നിലയിലെത്തിയത് അവരുടെ ആത്മവിശ്വാസം കൊണ്ടാണ്. മുസ്‌ലിം സമൂഹത്തിനും ഈ ആത്മവിശ്വാസം ഉണ്ടാകണം.

ഞാൻ പറഞ്ഞല്ലോ, നിങ്ങളുടെ കൈയിൽ ദൈവത്തിന്റെ സമ്മാനമുണ്ട്. അതുമായി നിങ്ങൾ ജനങ്ങളിലേക്ക് ഇറങ്ങണം. ഇസ്‌ലാമിന്റെ സ്നേഹം, കാരുണ്യം, സൗഹാർദം, ദയ... ഇതൊക്കെ ജനങ്ങൾക്ക് അനുഭവിച്ചറിയാൻ അവസരം ഉണ്ടാക്കണം. എന്തുകൊണ്ട് നിങ്ങൾ ജനങ്ങളിലേക്കിറങ്ങുന്നില്ല, സമൂഹവുമായി ബന്ധം സ്ഥാപിക്കുന്നില്ല? നിങ്ങളുടെ സന്ദേശം ജനങ്ങളുമായി പങ്കുവെക്കുന്നില്ല?

***? മാധ്യമങ്ങളും ഇത്തരം വിവേചനങ്ങളിലും തെറ്റിദ്ധാരണകളിലും പങ്കുവെഹിക്കുന്നില്ലേ***

യഥാർഥ വിഷയങ്ങളിൽനിന്ന് ഒളിച്ചോടുന്ന മീഡിയ ജനങ്ങളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നില്ല. ഇന്ത്യയിലെ മീഡിയ ചെയ്യേണ്ട പലതും ചെയ്യുന്നില്ല. ലാഭമുണ്ടാക്കുക എന്ന ചിന്തയാണ് മാധ്യമങ്ങളെ നയിക്കുന്നത്. തങ്ങൾക്ക് നേട്ടമുണ്ടാക്കാത്തതിനെ അവർ അവഗണിക്കും. ലാഭം കിട്ടുന്നതിന്റെ പിന്നാലെ പോകും. വർഗീയതയെ മാധ്യമങ്ങൾ ഹൈലൈറ്റ് ചെയ്യുകയാണ്. ജനങ്ങൾക്കു വേണ്ടിയുള്ള പത്രപ്രവർത്തനം ഇന്ന് ഇല്ലാതായിരിക്കുന്നു. ഓരോ രാജ്യത്തെയും പത്രമാധ്യമങ്ങൾ ആ രാജ്യത്തിന്റെ താൽപര്യങ്ങൾക്കു വേണ്ടിയാണ് നിലകൊള്ളുന്നത്. എന്നാൽ ഇന്ത്യയിലെ മാധ്യമങ്ങൾ ആരുടെ താൽപര്യങ്ങളാണ് സംരക്ഷിക്കുന്നത് എന്ന് എനിക്ക് ഇപ്പോഴും മനസ്സിലാവുന്നില്ല. ■